2026
NOVEMBER
07
SATURDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



കൂടുതൽ ബ്രഹ്മോസ് മിസൈലുകൾ വാങ്ങാൻ ഫിലിപ്പീൻസ്

ന്യൂദൽഹി: ഇന്ത്യയിൽ നിന്ന് കൂടുതൽ ബ്രഹ്മോസ് മിസൈലുകൾ വാങ്ങാൻ തയ്യാറെടുത്ത് ഫിലിപ്പീൻസ്. ഇതുമായി ബന്ധപ്പെട്ട അന്തിമഘട്ട ചർച്ചകൾ പുരോഗമിക്കുകയാണെന്നാണ് റോയിട്ടേഴ്സ് പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നത്.

2022ൽ ഒപ്പുവെച്ച കരാറനുസരിച്ചുള്ള ബ്രഹ്മോസ് മിസൈൽ സംവിധാനങ്ങളുടെ വിതരണം പൂർത്തിയാകാനിരിക്കെയാണ് ഈ പുതിയ നീക്കം. ഏകദേശം 70 കോടി മുതൽ 80 കോടി ഡോളർ വരെ (ഏകദേശം 6,611 കോടിരൂപ മുതൽ 7,551 കോടി രൂപ വരെ) മൂല്യം വരുന്ന കരാറിലൂടെ അഞ്ച് ബ്രഹ്മോസ് സിസ്റ്റങ്ങളും, ആകെ 60ഓളം മിസൈലുകളും സ്വന്തമാക്കാനാണ് ഫിലിപ്പീൻസ് ലക്ഷ്യമിടുന്നത്. ഇന്ത്യയെ വളരെ വിശ്വസനീയമായ പങ്കാളിയായാണ് ഫിലിപ്പീൻസ് കാണുന്നത്.

ദക്ഷിണ ചൈനാ കടലിൽ ചൈനയുമായി തർക്കങ്ങളും സംഘർഷങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിൽ, സൈന്യത്തെ ആധുനീകരിക്കുന്നതിനും തീരദേശ പ്രതിരോധം ശക്തമാക്കുന്നതിനുമാണ് ഫിലിപ്പീൻസ് ഇവ വാങ്ങുന്നത്. നാവികസേനയ്ക്കായി മുൻപ് ഒപ്പുവെച്ച 37.5 കോടി ഡോളറിന്റെ കരാറിനേക്കാൾ ഉയർന്നതുകയാണ് പുതിയ കരാറിനായി പ്രതീക്ഷിക്കുന്നത്. ഇന്ത്യയും റഷ്യയും സംയുക്തമായി വികസിപ്പിച്ച ബ്രഹ്മോസ്, ലോകത്തിലെ ഏറ്റവും വേഗമേറിയ ക്രൂയിസ് മിസൈലുകളിൽ ഒന്നാണ്. കര, കടൽ, വ്യോമ മാർഗ്ഗങ്ങളിലൂടെ ഇത് പ്രയോഗിക്കാൻ സാധിക്കും. കൂടുതൽ ബ്രഹ്മോസ് മിസൈലുകൾ സ്വന്തമാക്കാൻ ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് മാർക്കോസ് ജൂനിയർ താല്പര്യം പ്രകടിപ്പിച്ചതായി ഫിലിപ്പീൻസ് പ്രതിരോധ മന്ത്രാലയ വക്താവ് അർസെനിയോ ആൻഡോലോങ് സ്ഥിരീകരിച്ചു. ഡൽഹി ഡിഫൻസ് 2016 ഡയലോഗിൽ ഫിലിപ്പീൻസ് പ്രതിരോധ സെക്രട്ടറി ഗിൽബെർട്ടോ തിയോഡോറോ പങ്കെടുക്കുകയും, ഫിലിപ്പീൻസിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ മിസൈൽ സംവിധാനങ്ങളിൽ മാറ്റങ്ങൾ വരുത്താനുള്ള നിർദ്ദേശങ്ങൾ ഇന്ത്യൻ അധികൃതരുമായി പങ്കുവെച്ചതായി അറിയിക്കുകയും ചെയ്തിരുന്നു.

കഴിഞ്ഞ വർഷം ഇന്ത്യയും പാകിസ്താനും തമ്മിലുണ്ടായ നാല് ദിവസത്തെ സംഘർഷത്തിൽ ബ്രഹ്മോസ് ആദ്യമായി യുദ്ധരംഗത്ത് ഉപയോഗിച്ചതിനു ശേഷമാണ് ഈ മിസൈൽ സംവിധാനത്തിനായുള്ള അന്താരാഷ്ട്ര താല്പര്യം വൻതോതിൽ വർദ്ധിച്ചത്. എന്നാൽ ഈ വിഷയത്തിൽ പ്രതികരിക്കാൻ ഇന്ത്യയുടെ പ്രതിരോധ, വിദേശകാര്യ മന്ത്രാലയങ്ങളും ബ്രഹ്മോസ് എയറോസ്പേസും തയ്യാറായിട്ടില്ല.



മിൻഡ കോർപ്പറേഷന് റെക്കോർഡ് ലാഭം

ന്യൂദൽഹി: പ്രമുഖ വാഹന അനുബന്ധ ഭാഗ നിർമാണ കമ്പനിയായ മിൻഡ കോർപ്പറേഷൻ ലിമിറ്റഡ് നടപ്പ് സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ മികച്ച ലാഭ വളർച്ച നേടി. കമ്പനിയുടെ മൊത്തം അറ്റാദായം മുൻവർഷത്തെക്കാൾ 68.2 ശതമാനം വർധിച്ച് 143 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 85 കോടി രൂപയായിരുന്നു കമ്പനിയുടെ ലാഭം.

കമ്പനിയുടെ പ്രവർത്തന വരുമാനത്തിൽ ഉണ്ടായ ശക്തമായ വളർച്ചയാണ് ലാഭവർധനവിന് പ്രധാന കാരണമായത്. ജൂലൈ-സെപ്റ്റംബർ പാദത്തിൽ കമ്പനിയുടെ മൊത്തം വരുമാനം 42.6 ശതമാനം ഉയർന്ന് 2,189 കോടി രൂപയായി മാറി. പ്രധാന വിവരങ്ങൾ ഒറ്റനോട്ടത്തിൽ:ഇലക്ട്രിക് വാഹന മേഖലയിലെ മുന്നേറ്റം: കഴിഞ്ഞ പാദത്തിൽ കമ്പനിക്ക് ലഭിച്ച പുതിയ ഓർഡറുകളിൽ 35 ശതമാനവും ഇലക്ട്രിക് വാഹനഭാഗങ്ങളുമായി ബന്ധപ്പെട്ടതാണ്.

പലിശയും നികുതിയും കുറയ്ക്കുന്നതിന് മുമ്പുള്ള കമ്പനിയുടെ പ്രവർത്തന ലാഭം 44.7 ശതമാനം വർധിച്ച് 257 കോടി രൂപയായി ഉയർന്നപ്പോൾ, പ്രവർത്തന ലാഭവിഹിതം11.8 ശതമാനമായി മെച്ചപ്പെട്ടു. ഈ കാലയളവിൽ കമ്പനിയുടെ മൊത്തം ചെലവ് 40.8 ശതമാനം വർധിച്ച് 2,035 കോടി രൂപയായി. അസംസ്കൃത വസ്തുക്കളുടെ വില ഉയർന്നതാണ് ചെലവ് വർധിക്കാൻ പ്രധാന കാരണം.

വിവിധ തരത്തിലുള്ള വാഹനങ്ങൾക്കാവശ്യമായ സ്വിച്ചുകൾ, ഡിസ്പ്ലേ സംവിധാനങ്ങൾ, സെൻസറുകൾ, മോട്ടോറുകൾ, ഇലക്ട്രിക് വാഹന പവർട്രെയിനുകൾ, ഫ്യുവൽ പമ്പുകൾ എന്നിവ നിർമ്മിക്കുന്ന പ്രമുഖ കമ്പനിയാണ് മിൻഡ കോർപ്പറേഷൻ.

വിവിധ വാഹന മേഖലകളിൽ നിന്നുള്ള ശക്തമായ ആവശ്യകതയാണ് ഈ മികച്ച നേട്ടത്തിന് പിന്നിലെന്ന് മിൻഡ കോർപ്പറേഷൻ ചെയർമാനും ഗ്രൂപ്പ് സി.ഇ.ഒയുമായ അശോക് മിൻഡ പറഞ്ഞു.

വരുംദിവസങ്ങളിൽ ഇലക്ട്രോണിക്സ്, ഇലക്ട്രിക് വാഹന സാങ്കേതികവിദ്യ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും ഗവേഷണത്തിനും ഉൽപ്പാദന ശേഷി കൂട്ടുന്നതിനുമായി കൂടുതൽ നിക്ഷേപം നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

പഞ്ചസാര വില കുതിക്കുന്നു

ന്യൂദൽഹി: രാജ്യത്ത് പഞ്ചസാര വില കുതിച്ചുയരുന്നു. കഴിഞ്ഞ ഒരു മാസത്തിനിടെ ചില്ലറ, മൊത്തവ്യാപാര വിപണികളിൽ കിലോയ്ക്ക് നാലുരൂപയിലേറെയാണ് വർധിച്ചത്. ഉത്സവ കാലത്ത് ലഭ്യത ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടും വിലക്കയറ്റം തുടരുകയാണ്.

ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം പഞ്ചസാരയുടെ ശരാശരി ചില്ലറ വില കിലോയ്ക്ക് 59.50 രൂപയും മൊത്തവില 55.40 രൂപയുമാണ്. ഒരു വർഷത്തിനിടെ കിലോയ്ക്ക് 1213 രൂപയുടെ വർധനവുണ്ടായി. കഴിഞ്ഞ വർഷം ഇതേ സമയത്ത് ചില്ലറ വില 46.50 രൂപയും മൊത്തവില 43.23 രൂപയുമായിരുന്നു.

മെട്രോ നഗരങ്ങളിൽ ഏറ്റവും ഉയർന്ന ചില്ലറ വില കൊൽക്കത്തയിലാണ്. നവംബർ മൂന്നിലെ കണക്കുപ്രകാരം കിലോയ്ക്ക് 65 രൂപയാണ് ഇവിടെ വില. കഴിഞ്ഞ വർഷം ഇത് 50 രൂപയായിരുന്നു. ഡൽഹിയിൽ 64 രൂപയും മുംബൈയിൽ 61 രൂപയുമാണ്.

2025-26 സീസണിലെ പഞ്ചസാര ഉൽപാദനം നേരത്തെ പ്രതീക്ഷിച്ചതിലും കുറഞ്ഞതാണ് വിലവർധനക്ക് പ്രധാന കാരണം. ഉത്സവ കാലത്തെ അധിക ആവശ്യം, കൃഷിനാശം, ആഗോള വിപണിയിലെ ലഭ്യതക്കുറവ്, പൂഴ്ത്തിവെപ്പ് എന്നിവയും വില ഉയരാൻ ഇടയാക്കി.

അതേസമയം, 2026-27 പഞ്ചസാര ഉൽപാദന സീസണിന്റെ ആദ്യ മാസത്തിൽ രാജ്യത്ത് 8.45 ലക്ഷം ടൺ ഉൽപാദിപ്പിച്ചതായി നാഷനൽ ഫെഡറേഷൻ ഓഫ് കോഓപറേറ്റിവ് ഷുഗർ ഫാക്ടറീസ് ലിമിറ്റഡ് അറിയിച്ചു.



ജിഎസ്ടി പരിശോധന: സ്വർണവ്യാപാര മേഖലയെ സമ്മർദത്തിലാക്കരുതെന്ന് വ്യാപാരികൾ

കൊച്ചി: കേരളത്തിലെ ജിഎസ്ടി ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകൾ സ്വർണവ്യാപാര മേഖലയെ സമ്മർദത്തിലാക്കരുതെന്ന് വ്യാപാരികൾ. പരിശോധനയുടെ പേരിൽ വ്യാപാരികളെയും ജീവനക്കാരെയും ഭീഷണിപ്പെടുത്തി പണം അടപ്പിക്കുന്ന സമീപനം ഒരു കാരണവശാലും അംഗീകരിക്കാനാകില്ലെന്നാണ് അവർ പറയുന്നത്.

പരിശോധനയ്ക്കിടെ സ്റ്റോക്കിൽ വ്യത്യാസം കണ്ടെത്തിയാൽ ഉദ്യോഗസ്ഥർ വ്യാപാരിയെ ഭീഷണിപ്പെടുത്തി ഒരു നിശ്ചിത തുക ഉടൻ അടയ്ക്കണമെന്ന് ആവശ്യപ്പെടുന്നുവെന്ന പരാതികൾ ഉയർന്ന സാഹചര്യത്തിലാണു വ്യാപാരികൾ രംഗത്തെത്തിയത്.

കേരളത്തിലെ സ്വർണവ്യാപാര മേഖലയെ ആശ്രയിച്ചാണ് ആയിരക്കണക്കിന് ചെറുകിട വ്യാപാരികളും ലക്ഷക്കണക്കിനു തൊഴിലാളികളും ഉപജീവനം നടത്തുന്നത്. നികുതി നിയമങ്ങൾ പാലിച്ച് വ്യാപാരം നടത്തുന്നവരെ അനാവശ്യ പരിശോധനകളുടെയും ഭീഷണിയുടെയും പേരിൽ ബുദ്ധിമുട്ടിക്കുന്നത് ഈ മേഖലയെ പ്രതികൂലമായി ബാധിക്കും.

ഒരു ജ്വല്ലറിയിൽ പരിശോധന നടത്തുമ്പോൾ രേഖകളിലുള്ള സ്റ്റോക്കിനേക്കാൾ കൂടുതൽ സ്വർണാഭരണങ്ങൾ കണ്ടെത്തിയാൽ അതിൻറെ കാരണം പരിശോധിക്കേണ്ടത് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. എന്നാൽ, അധിക സ്റ്റോക്ക് കണ്ടെത്തി എന്ന ഒറ്റ കാരണത്താൽ വ്യാപാരി നികുതിവെട്ടിപ്പ് നടത്തിയെന്നു തീരുമാനിക്കാനാകില്ലെന്നാണ് സ്വർണവ്യാപാരികൾ പറയുന്നത്.

സ്വർണവ്യാപാര മേഖലയിൽ പഴയ സ്വർണത്തിന്റെ വാങ്ങൽ, എക്സ്ചേഞ്ച്, നിർമാണം, ജോബ് വർക്ക്, അറ്റകുറ്റപ്പണി, വിവിധ ഇടപാടുകളുടെ രേഖപ്പെടുത്തൽ തുടങ്ങിയ വയുമായി ബന്ധപ്പെട്ട് സ്റ്റോക്കിൽ വ്യത്യാസങ്ങൾ ഉണ്ടാകാം.അധിക സ്റ്റോക്ക് കണ്ടെത്തിയാൽ അതിന്റെ ഇനം, അളവ്, തൂക്കം, രേഖകളുമായുള്ള വ്യത്യാസം, അതിൻറെ കാരണം എന്നിവ വിശദമായി രേഖപ്പെടുത്തണം. വ്യാപാരിയുടെ വിശദീകരണവും ബന്ധപ്പെട്ട രേഖകളും പരിശോധിക്കണം. യഥാർഥത്തിൽ നികുതിവെട്ടിപ്പ് നടന്നിട്ടുണ്ടെങ്കിൽ അതിൻറെ തെളിവുകളും നിയമപരമായ അടിസ്ഥാനവും വ്യക്തമാക്കി നടപടിയെടുക്കണം.സ്റ്റോക്കിൽ അധികം സ്വർണം കണ്ടെത്തിയാൽ ഉടൻ ഒരു തുക കണക്കാക്കി അടയ്ക്കാൻ വ്യാപാരിയെ നിർബന്ധിക്കുന്നത് നിയമപരമായ നികുതിനിർണയ നടപടിയല്ലെന്ന് കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചൻറ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എസ്. അബ്ദുൾ നാസർ പറഞ്ഞു.

സൊസൈറ്റി ടുഡേ SOCIETY TODAY

സ്വാസ്ഥ്യം ശരണം ആരോഗ്യ ബോധവത്കരണ കാമ്പയിൻ ലോഗോ പ്രകാശനം ചെയ്തു

പന്തളം: ശബരിമല മണ്ഡലമകരവിളക്ക് തീർഥാടനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് സമഗ്രമായ ആരോഗ്യപരിരക്ഷയും സുരക്ഷയും ഉറപ്പാക്കുന്നതിനായി ആരോഗ്യവകുപ്പ് ആവിഷ്കരിച്ച സ്വാസ്ഥ്യം ശരണംആരോഗ്യത്തോടെ ശരണയാത്ര ബോധവത്കരണ കാമ്പയിന്റെ ലോഗോ പ്രകാശനം മന്ത്രി കെ. മുരളീധരൻ നിർവഹിച്ചു.

പന്തളം വലിയ കോയിക്കൽ ശ്രീധർമശാസ്താ ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി, സി.വി. ശാന്തകുമാർ എംഎൽഎ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് കെ. ജയകുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജെ. മണികണ്ഠൻ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജിനു ജി. തോമസ് തുടങ്ങിയവർ പങ്കെടുത്തു.



മണ്ഡല മകരവിളക്ക് തീർഥാടനകാലത്ത് ശബരിമലയിലേക്കെത്തുന്ന ഓരോ ഭക്തന്റെയും ആരോഗ്യവും സുരക്ഷയും ഉറപ്പാക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പമ്പ മുതൽ സന്നിധാനം വരെയുള്ള തീർഥാടന പാതയിലും വിവിധ ഇടത്താവളങ്ങളിലും വിപുലമായ ആരോഗ്യസംവിധാനങ്ങളാണ് ആരോഗ്യവകുപ്പ് ഒരുക്കിയിട്ടുള്ളത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രങ്ങൾ, അടിയന്തര ചികിത്സാ സൗകര്യങ്ങൾ, വിദഗ്ധ ഡോക്ടർമാരുടെ സേവനം, ഹൃദയ സംബന്ധമായ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ എന്നിവ തീർഥാടകർക്ക് പ്രയോജനപ്പെടും.

ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി പന്തളം വലിയ കോയിക്കൽ ക്ഷേത്രത്തിൽ എത്തുന്ന തീർഥാടകർക്ക് മികച്ച സൗകര്യങ്ങൾ ഒരുക്കുമെന്ന് ദേവസ്വം മന്ത്രി കെ. മുരളീധരൻ. പന്തളം ക്ഷേത്രം ഇടത്താവളത്തിൽ ദേവസ്വം ബോർഡും തദ്ദേശ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ ചർച്ച ചെയ്യാൻ ക്ഷേത്രം ഓഡിറ്റോറിയത്തിൽ ചേർന്ന അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

17ന് തീർഥാടനകാലം ആരംഭിക്കുകയാണ്. തീർഥാടകർക്ക് ഏറ്റവും സുഗമമായി ദർശനം നടത്താൻ അവസരമൊരുക്കും. ഇതിന്റെ തയാറെടുപ്പുകൾ ജൂലൈ മുതൽ തന്നെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെയും ദേവസ്വം മന്ത്രിയുടെയും നേതൃത്വത്തിൽ ഉന്നതതല യോഗങ്ങൾ നടത്തി.

ശബരിമലയോളം തന്നെ പ്രാധാന്യമുള്ള പന്തളത്തും വകുപ്പുകൾ ക്രമീകരണങ്ങൾ ഉറപ്പാക്കണമെന്ന് മന്ത്രി പറഞ്ഞു. പന്തളത്തും സമീപ പ്രദേശത്തും തടസമില്ലാതെ കുടിവെള്ളം ലഭ്യമാക്കണം. കുളിക്കടവുകളിലെ ചെളിയും എക്കലും നീക്കം ചെയ്യുന്നത്, കടവുകളുടെ പരിപാലനം, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നത് എന്നിവ ഇറിഗേഷൻ വകുപ്പ് ഉറപ്പാക്കണം. കെഎസ്ഇബിയുടെ അറ്റകുറ്റപ്പണികൾ തീർഥാടനം ആരംഭിക്കുന്നതിനു മുമ്പായി പൂർത്തിയാക്കണം. വൈദ്യുതി തടസപ്പെടുത്തിയുള്ള പ്രവൃത്തികൾ പിന്നീട് അനുവദിക്കില്ല. അപകടാവസ്ഥയിലുള്ള മരങ്ങളും ചില്ലകളും മുറിച്ചുമാറ്റുന്നതിനും തിരുവാഭരണ പാതയ്ക്ക് വഴിതെളിക്കുന്നതിനുമുള്ള ചുമതല വനം വകുപ്പിനാണ്. കെഎസ്ആർടിസി പന്തളത്തുനിന്ന് പമ്പയിലേക്കും തിരികെയും പ്രത്യേക ബസ് സർവീസുകൾ ക്രമീകരിക്കണം. ആരോഗ്യവകുപ്പ് ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ പ്രത്യേക പരിഗണന നൽകി നടപ്പാക്കും. ആവശ്യത്തിന് മരുന്നും കൂടുതൽ ആംബുലൻസുകളുടെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. പന്തളം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും തിരുവാഭരണ ഘോഷയാത്ര കടന്നുപോകുന്ന പാതകളിലെ ആരോഗ്യ കേന്ദ്രങ്ങളിലും സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. ദീർഘകാല അടിസ്ഥാനത്തിൽ നടത്തേണ്ട പ്രവൃത്തികൾ ഈ തീർഥാടന കാലം കഴിയുമ്പോൾ തന്നെ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

ആന്റോ ആന്റണി എംപി, സി.വി. ശാന്തകുമാർ എംഎൽഎ, ദേവസ്വം സെക്രട്ടറി എം.ജി. രാജമാണിക്യം, ദേവസ്വം ബോർഡ് പ്രസിഡൻറ് കെ. ജയകുമാർ, ജില്ലാ പൊലിസ് മേധാവി ആർ ആനന്ദ്, തിരുവല്ല സബ് കളക്ടർ പാർവതി ഗോപകുമാർ, ദേവസ്വം ബോർഡ് അംഗങ്ങളായ കെ. രാജു, പി.ഡി. സന്തോഷ് കുമാർ, പന്തളം ബ്ലോക്ക് പഞ്ചായത്ത് ചെയർപേഴ്സൺ വിനീത അനിൽ, പന്തളം നഗരസഭാ ചെയർപേഴ്സൺ എം.ആർ. കൃഷ്ണകുമാരി, വൈസ് ചെയർപേഴ്സൺ കെ.എം. മണിക്കുട്ടൻ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഗീതാ സജീവ്, കുളനട ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പോൾ രാജൻ, പന്തളം കൊട്ടാരം നിർവാഹകസമിതി സെക്രട്ടറി എം. ആർ. സുരേഷ് വർമ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




ക്ളിഫ് ഹൗസിൽ കൃഷി കേരളം പദ്ധതി

തിരുവനന്തപുരം: കൃഷി കേരളം പദ്ധതിയുടെ ഭാഗമായി ക്ലിഫ് ഹൗസ് പരിസരത്ത് പച്ചക്കറി തൈകൾ നട്ട് മുഖ്യമന്ത്രി വി ഡി സതീശൻ. കൃഷിവകുപ്പ് മന്ത്രി ടി സിദ്ദിഖ്, തിരുവനന്തപുരം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ എന്നിവർക്കൊപ്പം ചേർന്ന് കാബേജ്, കോളിഫൽവർ തൈകൾ നട്ട് മുഖ്യമന്ത്രി കൃഷി കേരളം പദ്ധതിയിൽ പങ്കാളിയായി. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും കൃഷിവകുപ്പിന്റെ പദ്ധതിയാണ് കൃഷി കേരളം.ക്ലിഫ് ഹൗസിലെ ഒരു ഏക്കറിൽ ശീതക്കാല പച്ചക്കറിക്കൊപ്പം വിവിധ ഇനം കിഴങ്ങുകൾ, ചീര, വാഴ തുടങ്ങിയവ നടും. ആദ്യ വിളവെടുപ്പ് ഒന്നരമാസത്തിനുള്ളിൽ നടത്തും. കൃഷിഭവൻ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ക്ലിഫ് ഹൗസ് ജീവനക്കാർക്കാണ് പരിപാലന ചുമതല. കൃഷി കേരളം പദ്ധതിയുടെ ഭാഗമായി മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലും പച്ചക്കറി തൈകൾ നടും. എംഎൽഎമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പദ്ധതിയിൽ പങ്കാളികളാകും. വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'കതിർ' പദ്ധതിയും കൃഷി പൊതുവിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളിൽ കാർഷിക അവബോധം വളർത്തുന്നതിന് ആരംഭിച്ച പദ്ധതിയാണിത്.



സൊസൈറ്റി ടുഡേ SOCIETY TODAY



തീർഥാടകരെ വരവേൽക്കാൻ പമ്പയും സന്നിധാനവും ഒരുങ്ങുന്നു

പത്തനംതിട്ട: ശബരിമല മണ്ഡലമകരവിളക്ക് തീർഥാടനത്തിനെത്തുന്ന ഭക്തർക്ക് സുരക്ഷിതവും സുഗമവുമായ തീർത്ഥാടനം ഉറപ്പാക്കുന്നതിനായി മുന്നൊരുക്കങ്ങൾ അന്തിമഘട്ടത്തിൽ. റവന്യൂ മന്ത്രി എ.പി. അനിൽകുമാറിന്റെ അധ്യക്ഷതയിൽ പമ്പ ശ്രീരാമസാകേതം ഓഡിറ്റോറിയത്തിൽ ചേർന്ന അവലോകനയോഗത്തിൽ സുരക്ഷ, ആരോഗ്യസംരക്ഷണം, ഗതാഗതം, ശുചിത്വം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ ഏർപ്പെടുത്തിയ വിപുലമായ ക്രമീകരണങ്ങൾ വിലയിരുത്തി.

പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇൻറഗ്രേറ്റഡ് കൺട്രോൾ റൂമുകൾ സജ്ജമാക്കും. പ്രധാന വകുപ്പുകളിലെ നോഡൽ ഓഫീസർമാർ കൺട്രോൾ റൂമുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കും. നിലയ്ക്കലിൽ പൊലിസിന്റെ കൺട്രോൾ റൂമും ഇൻറഗ്രേറ്റഡ് കൺട്രോൾ റൂമും ഒരുമിച്ചായിരിക്കും പ്രവർത്തിക്കുക. തീർഥാടകരുടെ തിരക്ക് നിയന്ത്രിക്കുന്നതിനും വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രത്യേക മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സന്നിധാനത്തെ 18 സെക്ടറുകളായും പമ്പ, നിലയ്ക്കൽ മേഖലകളെ 15 സെക്ടറുകളായും തിരിച്ച് മോണിറ്ററിംഗ് ഓഫീസർമാരെ നിയോഗിക്കും. വിന്യസിക്കേണ്ട പൊലിസ്, അഗ്നിരക്ഷാ സേനകൾ പൂർണ സജ്ജമാണ്.

തീർഥാടന പാതകളിലും കാനനപാതയിലുമായി 22 എമർജൻസി മെഡിക്കൽ സെന്ററുകൾ പത്തോടെ പ്രവർത്തനസജ്ജമാകും. സന്നിധാനത്ത് മൂന്ന് ആംബുലൻസുകളുടെ സേവനമുണ്ടാവും. അതോടൊപ്പം കാനനപാതയിൽ ഓഫ് റോഡ് ആംബുലൻസും ഇത്തവണ ആദ്യമായി സജ്ജമാക്കും. കരിമല ഡിസ്പെൻസറിയിൽ തീർഥാടനത്തിന്റെ ആദ്യ ദിവസം മുതൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്നു നടപടി സ്വീകരിച്ചിട്ടുണ്ട്.

അടിയന്തര സാഹചര്യങ്ങളിൽ രോഗികളെ സമീപത്തെ ചികിത്സാകേന്ദ്രങ്ങളിലേക്ക് മാറ്റുന്നതിന് 120 സന്നദ്ധ പ്രവർത്തകരടങ്ങുന്ന സ്ട്രെക്ചർ സർവീസ് പ്രവർത്തിക്കും. ഡ്യൂട്ടിയിലുള്ള നഴ്സിംഗ് ഓഫീസർമാർ, പൊലിസ് ഉദ്യോഗസ്ഥർ, മറ്റു ജീവനക്കാർ എന്നിവർക്ക് സിപിആർ പരിശീലനവും നൽകും. 22 കേന്ദ്രങ്ങളിൽ സിപിആർ സേവനം ലഭ്യമാക്കും.

തീർഥാടനകാലത്ത് ശുചിത്വം ഉറപ്പാക്കുന്നതിന് ശുചിത്വ മിഷന്റെ നിർമലം ശബരിമല പദ്ധതിയുടെ ഭാഗമായി വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കും. പത്തനംതിട്ട ജില്ലയിലെ ശബരിമലയിലേക്കുള്ള എല്ലാ പ്രധാന റോഡുകളിലും തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, വിദ്യാർഥികൾ, വിവിധ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടെ ഒൻപതിന് മെഗാ ശുചീകരണ കാൻപെയിൻ സംഘടിപ്പിക്കും. 15നകം റോഡുകൾ പൂർണമായും മാലിന്യമുക്തമാക്കും.

ജില്ലാ കളക്ടർ ചെയർമാനായും അടൂർ ആർഡിഒ കൺവീനറുമായ സാനിറ്റേഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ആയിരത്തോളം വിശുദ്ധി സേനാംഗങ്ങൾ പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. നട തുറക്കുന്നതിന് മുൻപുതന്നെ പ്രധാന കേന്ദ്രങ്ങളിലെ ശുചീകരണം പൂർത്തിയാക്കും. ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ 50 ടണ്ണോളം പഴയ മാലിന്യവും സ്ക്രാപ്പും ഇതിനകം നീക്കം ചെയ്തിട്ടുണ്ട്. പമ്പയിൽ ഭക്തർ ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ ക്ലീൻ കേരള കമ്പനി മുഖേന ശേഖരിച്ച് നീക്കം ചെയ്യും. പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പാക്കുന്നതിനൊപ്പം മാലിന്യം വേർതിരിച്ച് നിക്ഷേപിക്കാൻ പ്രധാന കേന്ദ്രങ്ങളിൽ പ്രത്യേക ബിന്നുകളും സ്ഥാപിക്കും. ശുചിത്വമിഷന്റെ നേതൃത്വത്തിൽ ബോധവത്കരണവും അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കലും നടത്തും.

മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ പമ്പ മുതൽ ളാഹ വരെയുള്ള റോഡിൽ സേഫ് സോൺ പദ്ധതി നടപ്പാക്കും. 24 മണിക്കൂറും റോഡ് സുരക്ഷാ പട്രോളിംഗും മൊബൈൽ വർക്ക്ഷോപ്പ് സൗകര്യവും ഇതിൻറെ ഭാഗമായി ലഭ്യമാക്കും. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി പ്രധാന ശബരിമല റോഡുകളെല്ലാം സേഫ്സോൺ പദ്ധതിയുടെ കീഴിലാക്കിയിട്ടുണ്ട്.

കെഎസ്ആർടിസി ബസുകളുടെ സുരക്ഷാ ഓഡിറ്റും ട്രാക്ടറുകളുടെ പരിശോധനയും ഡ്രൈവർമാർക്കുള്ള പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്. 11, 12 തീയതികളിൽ ട്രാക്ടറുകൾക്ക് പരിശോധനാ സ്റ്റിക്കറുകൾ വിതരണം ചെയ്യും. നിലയ്ക്കലിൽ പൊലിസിന്റെ എഐ അധിഷ്ഠിത പാർക്കിംഗ് സംവിധാനവും ഒരുക്കും.

ക്യൂവിൽ കാത്തുനിൽക്കുന്ന തീർഥാടകർക്ക് ആദ്യ ദിവസം മുതൽ കുടിവെള്ളവും ലഘുഭക്ഷണവും വിതരണം ചെയ്യും. ഡോളി സേവനത്തിന് ഏകീകൃത നിരക്ക് ഉറപ്പാക്കുന്നതിനായി പ്രീപെയ്ഡ് കൗണ്ടർ സംവിധാനം ഏർപ്പെടുത്തും. രജിസ്ട്രേഷൻ 12നകം പൂർത്തിയാക്കും. പമ്പയിലും സന്നിധാനത്തുമുള്ള ശൗചാലയങ്ങൾ തീർഥാടകർക്ക് ഇത്തവണ സൗജന്യമായി ഉപയോഗിക്കാനാകും.

പമ്പയിലെ ജലലഭ്യത ജല അതോറിറ്റി ഉറപ്പാക്കും. ഏകദേശം 30 കുളിക്കടവുകളുടെ ശുചീകരണവും ബാരിക്കേഡ് നിർമാണവും പൂർത്തിയാക്കിയിട്ടുണ്ട്. 12നകം വിവിധ ഭാഷകളിലുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും കുളിക്കടവുകളിലും പരിസരങ്ങളിലും വെളിച്ചം ഉറപ്പാക്കുകയും ചെയ്യും. പമ്പയിലും പരിസരങ്ങളിലും തെരുവുവിളക്കുകളുടെ പ്രവർത്തനവും ഉറപ്പാക്കും.

തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള എട്ട് ഇടത്താവളങ്ങളിൽ കുടിവെള്ളം, ശൗചാലയം, മൊബൈൽ ചാർജിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കും. ബിഎസ്എൻഎൽ മുഖേന ആവശ്യമായ നെറ്റ് വർക്ക് കണക്ഷനുകളും ഉറപ്പാക്കും. തീർഥാടകർക്ക് ഗുണനിലവാരമുള്ള ഭക്ഷണവും സാധനങ്ങളും നിശ്ചിത നിരക്കിൽ ലഭ്യമാക്കും. വിലവിവരം ഔദ്യോഗിക പോർട്ടലിൽ പ്രസിദ്ധീകരിക്കും. ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, സാനിറ്റേഷൻ സൊസൈറ്റി എന്നിവയുടെ സംയുക്ത സ്കാഡുകൾ

വൈദ്യുത വാഹനങ്ങൾക്കായി പമ്പയിൽ കെഎസ്ഇബി ഫാസ്റ്റ് ചാർജിങ് സൗകര്യം ഒരുക്കും. ഒരേസമയം നാല് വാഹനങ്ങൾക്ക് ചാർജ് ചെയ്യാൻ കഴിയുന്ന സംവിധാനത്തിൽ ഏകദേശം അരമണിക്കൂറിനുള്ളിൽ വാഹനം ചാർജ് ചെയ്യാനാകും. നിലയ്ക്കലിലും 15 ദിവസത്തിനകം ചാർജിങ് സൗകര്യം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി പ്രത്യേക എമർജൻസി ഓപ്പറേഷൻസ് ഓഫീസറെയും പമ്പയിൽ നിയോഗിച്ചിട്ടുണ്ട്. ചാലക്കയം പമ്പ റോഡിന്റെ ടാറിംഗ് 12നകവും റോഡ് മാർക്കിംഗ് പ്രവൃത്തികൾ 15നകവും പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കും.

ഡ്രോൺ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിലെ ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസ്. നടത്തുന്ന വിവിധ ഡ്രോൺ സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഏഴു ദിവസം മുതൽ മൂന്നു മാസം വരെയാണ് കോഴ്സുകളുടെ ദൈർഘ്യം. മൂന്നു മാസത്തെ പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഡി.ജി.സി.എ.യുടെ സ്മോൾ ക്ലാസ് ഡ്രോൺ പൈലറ്റ് ലൈസൻസും ഡ്രോണും സൗജന്യമായി ലഭിക്കുന്നതാണ്. നവംബർ മാസത്തെ അഡ്മിഷനായി 18നും 60നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് ses.mgu.ac.in ഫോൺ 6282448585

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എംപിഇഎസ് (ദ്വിവത്സര പ്രോഗ്രാം2026 അഡ്മിഷൻ റഗുലർ, 2025 ഇംപ്രൂവ്മെൻറ്, 2023-25 അഡ്മിഷനുകൾ സപ്ലിമെൻററി, 2020-22 അഡ്മിഷനുകൾ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ഡിസംബർ 11 മുതൽ നടക്കും. നവംബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 19 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 20 വരെയും അപേക്ഷ സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ ബിപിഇഎഡ് (2026 അഡ്മിഷൻ റഗുലർ, 2023-25 അഡ്മിഷനുകൾ സപ്ലിമെൻററി, 2020-22 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഡിസംബർ 2026 പരീക്ഷകൾ ഡിസംബർ 7 മുതൽ നടക്കും. നവംബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 19 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 20 വരെയും അപേക്ഷ സ്വീകരിക്കും.

നാലാം സെമസ്റ്റർ എംആർക്ക് അഡ്വാൻസ്ഡ് ആർക്കിടെക്ചർ ഡിസൈൻ തിസിസ് (2024 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് നവംബർ 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 12 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 13 വരെയും അപേക്ഷ സ്വീകരിക്കും.

പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ (സിബിസിഎസ്എസ്) (20132016 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ (സിബിസിഎസ്എസ്) ബിഎസ്.സി സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റീഅപ്പിയറൻസ്, 2014-17 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജൂൺ 2026 പരീക്ഷകൾ നവംബർ 20ന് നടക്കും.

നവംബർ 25 മുതൽ നടത്താനിരുന്ന എഴാം സെമസ്റ്റർ ബിപിഇഎസ് (നാലു വർഷ ഇൻറഗ്രേറ്റഡ് പ്രോഗ്രാം2023 അഡ്മിഷൻ റഗുലർ, 2019-22 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ജനുവരി 8 മുതൽ നടക്കും.

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എംഎ ഫിലോസഫി (സിഎസ്എസ്) (പ്രൈവറ്റ് രജിസ്ട്രേഷൻ2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്/2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എംഎ (സിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020-24 അഡ്മിഷൻ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

അവസാന വർഷ ബിഫാം (അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) (2016ന് മുമ്പുള്ള അഡ്മിഷനുകൾ) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

സേക്രഡ് ഹാർട്ട് കോളജിൽ ദ്വിദിന ദേശീയ സെമിനാർ

ചാലക്കുടി: സേക്രഡ് ഹാർട്ട് കോളജ്(ഓട്ടോണമസ്), പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്പാർട്ട്മെൻറ് ഓഫ് ഇംഗ്ലീഷും ഡിപ്പാർട്ട്മെൻറ് ഓഫ് ഓറിയൻറൽ ലാംഗ്വേജസും സംയുക്തമായി ദ്വിദിന ദേശീയ സെമിനാർ നടത്തി. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഹിസ്റ്ററി ഡിപ്പാർട്ട്മെൻറ് അധ്യാപിക പ്രഫ.ഡോ. കെ. എം. ഷീബ ഉദ്ഘാടനം നിർവഹിച്ചു.

കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ഐറിൻ അധ്യക്ഷതവഹിച്ചു. വൈസ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. എ. പ്രിൻസി ആൻറോ, ഡോ. സി.എ. ബാബു, സിസ്റ്റർ എം.ടി. ജിനി, ഡോ. സാന്ദ്ര ജൂലിയറ്റ് എന്നിവർ പ്രസംഗിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



സിഎംഎഫ്ആർഐയിൽ നടക്കുന്ന അന്താരാഷ്ട്ര സമുദ്രസിമ്പോസിയത്തിന്റെ ഭാഗമായി നടന്ന ബേ ഓഫ് ബംഗാൾ സമുദ്രഗവേഷണ ശൃംഖലയുടെ രൂപീകരണ യോഗത്തിൽ ഡോ. ബി മീനാകുമാരി സംസാരിക്കുന്നു.

ബംഗാൾ ഉൾക്കടൽ മേഖലയിൽ സമുദ്ര ഗവേഷണ ശൃംഖല നിലവിൽ വന്നു

ഇന്ത്യ, ശ്രീലങ്ക, ബംഗ്ലാദേശ്, മാലിദ്വീപ് എന്നിവിടങ്ങളിൽ ശാസത്രീയമായ ഫിഷറീസ് മാനേജ്മെന്റ് ശക്തമാക്കുക ലക്ഷ്യം

കൊച്ചി: ബംഗാൾ ഉൾക്കടൽ മേഖലയിൽ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഭീഷണികളെ നേരിടാനും ശാസ്ത്രീയമായ ഫിഷറീസ് മാനേജ്മെന്റ് ശക്തമാക്കാനുമായി ഇന്ത്യ, ശ്രീലങ്ക, ബംഗ്ലാദേശ്, മാലിദ്വീപ് എന്നീ രാജ്യങ്ങൾ കൈകോർക്കുന്നു. ഇതിനായി ബേ ഓഫ് ബംഗാൾ സമുദ്രഗവേഷണ ശൃംഖലക്ക് (ബോബ്മോർ) ഔദ്യോഗികമായി രൂപം നൽകി.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന അന്താരാഷ്ട്ര സമുദ്രസിമ്പോസിയത്തിന്റെ ഭാഗമായി ചേർന്ന വിവിധ രാജ്യങ്ങളിലെ പ്രതിനിധികളുടെ യോഗത്തിലാണ് പുതിയ നീക്കം. സമുദ്രപഠന വിവരങ്ങൾ മത്സ്യബന്ധന ഗവേഷണത്തിലും പരിപാലനത്തിലും സമഗ്രമായി ഉൾപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം. സമുദ്ര നിരീക്ഷണ വിവരങ്ങൾ, കാലാവസ്ഥാ വ്യതിയാന വിവരങ്ങൾ, ഫിഷറീസ് ഡേറ്റ എന്നിവ ഏകോപിപ്പിച്ച് മേഖലയിലെ മത്സ്യസമ്പത്തിലും അവയുടെ വ്യാപനത്തിലുമുണ്ടാകുന്ന മാറ്റങ്ങൾ കൂടുതൽ കൃത്യമായി മനസ്സിലാക്കാൻ വഴിയൊരുക്കുന്നതാണ് പദ്ധതി.

ഇന്ത്യ, ശ്രീലങ്ക, ബംഗ്ലാദേശ്, മാലിദ്വീപ് പ്രതിനിധികൾക്ക് പുറമെ അമേരിക്ക, ബ്രസീൽ, ചിലി, പോർച്ചുഗൽ, യുകെ, ഗ്രീസ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള മുൻനിര സമുദ്രശാസ്ത്ര ജ്ഞരും ചർച്ചയിൽ പങ്കെടുത്തു.

ഉപഗ്രഹ നിരീക്ഷണം, സമുദ്രശാസ്ത്ര സർവേകൾ, കാലാവസ്ഥാ വിവരങ്ങൾ, മത്സ്യബന്ധന ഡേറ്റ എന്നിവ കോർത്തിണക്കിയായിരിക്കും നെറ്റ്വർക്കിന്റെ പ്രവർത്തനം. സമുദ്രോപരിതല താപനിലയിലെ വ്യതിയാനങ്ങൾ, മൺസൂൺ രീതികൾ, ലവണാംശം, സമുദ്ര ഉൽപ്പാദനക്ഷമത എന്നിവ മത്സ്യലഭ്യതയെയും ഉൽപാദനത്തെയും ഏതൊക്കെ രീതിയിലാണ് ബാധിക്കുന്നുവെന്ന് വിശദമായി പഠിക്കും.

പരമ്പരാഗത രീതികൾക്ക് പകരം കാലാവസ്ഥാ പ്രവചനങ്ങൾ മുന്നിൽക്കണ്ടുള്ള സുസ്ഥിര മത്സ്യബന്ധന മാനേജ്മെന്റ് രീതികളിലേക്ക് മാറാൻ ഇത് സഹായിക്കും. ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർഗവൺമെന്റൽ ഓർഗനൈസേഷന്റെ (ബിഒബിപി) ഏകോപനത്തിലാണ് ഈ സംരംഭം നടപ്പാക്കുന്നത്.

കേന്ദ്ര ഫിഷറീസ് വകുപ്പ്, ജിയോ ബ്ലൂ പ്ലാനറ്റ്, ട്രെവർ പ്ലാറ്റ് സയൻസ് ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെയായിരുന്നു യോഗം. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ മുൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ ബി മീനാകുമാരി മുഖ്യാതിഥിയായി. സമുദ്രോപരിതല താപനില പോലുള്ള വിവരങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുന്നത് മത്സ്യത്തൊഴിലാളികൾക്ക് ശരിയായ തീരുമാനങ്ങളെടുക്കാൻ സഹായകരമാകുമെന്ന് അവർ പറഞ്ഞു.

ബിഒബിപി ഡയറക്ടർ ഡോ പി കൃഷ്ണൻ, യുകെയിലെ പ്ലിമൗത്ത് മറൈൻ ലബോറട്ടറി പ്രിൻസിപ്പൽ സയന്റിസ്റ്റ് പ്രൊഫ. ശുഭ സത്യേന്ദ്രനാഥ്, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് തുടങ്ങിയവർ സംസാരിച്ചു.



കരിയർ ഡവലമെൻറ്: ദേശീയ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം: നാഷണൽ എംപ്ലോയ്മെൻറ് സർവീസ്കേരളം, മഹാത്മാഗാന്ധി സർവകലാശാലയുടെ എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻറ് ഗൈഡൻസ് ബ്യൂറോ, കളമശ്ശേരി സെൻറ് പോൾസ് കോളേജിൻറെ കരിയർ ആൻറ് പ്ലേസ്മെൻറ് സെൽ എന്നിവയുടെ സഹകരണത്തോടെ കരിയർ ഡവലമെൻറ് സംബന്ധിച്ച് ദേശീയ സെമിനാർ സംഘടിപ്പിച്ചു.

സെൻറ് പോൾസ് കോളേജിൽ നടന്ന പരിപാടി സർവ്വകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി മാവൂതു ഉദ്ഘാടനം ചെയ്തു. വ്യക്തിയുടെ സാമൂഹിക പശ്ചാത്തലമല്ല, മറിച്ച് താത്പര്യവും അർപ്പണബോധമാണ് ഒരു കരിയർ തെരഞ്ഞെടുക്കുമ്പോൾ കണക്കാക്കേണ്ടതെന്ന് വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു. മികച്ച കരിയർ പടുത്തുയർത്താൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് മാനേജ്മെൻറ് വിദഗ്ധൻ കൂടിയായ വി.സി. ഉദ്ഘാടനപ്രസംഗത്തിൽ സംസാരിച്ചു.

സെൻറ് പോൾസ് കോളേജ് മാനേജർ റവ. ഫാ. വർഗ്ഗീസ് വലിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഗൈഡൻസ് ബ്യൂറോ ചീഫ് ഡോ. രാജേഷ് എം. സ്വാഗതം ആശംസിച്ചു. എറണാകുളം പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ ഡിവിഷണൽ എംപ്ലോയ്മെൻറ് ഓഫീസർ ഡി. ഉണ്ണികൃഷ്ണൻ, കോളേജ് പ്രിൻസിപ്പൽ പ്രൊഫ. (ഡോ.) പ്രമദ രാമചന്ദ്രൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ഗൈഡൻസ് ബ്യൂറോ ഡെപ്യൂട്ടി ചീഫ് ബിജു എൻ. കൃതജ്ഞത അർപ്പിച്ചു.

മാറുന്ന തൊഴിൽലോകവും യുവജനങ്ങളും എന്ന വിഷയത്തിൽ വി. വി. ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ടിലെ മുൻ സീനിയർ ഫെലോ ഡോ. എസ് കെ ശശികുമാറും, തൊഴിൽക്ഷമത: കൃാമ്പസിൽ നിന്ന് കരിയറിലേക്ക് എന്ന വിഷയത്തിൽ കേന്ദ്രസർക്കാർ ഉപദേഷ്ടാവ് ഡോ. അജിത് ശങ്കറും സെഷനുകൾ കൈകാര്യം ചെയ്തു. എറണാകുളം ജില്ലയിലെ വിവിധ ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി 120 പേർ സെമിനാറിൽ പങ്കെടുത്തു.

ഇന്ത്യൻ തീരങ്ങളിൽ 2024-25ൽ ചത്തു കരക്കടിഞ്ഞത് 161 കടൽ സസ്തനികൾ സിഎംഎഫ്ആർഐ പഠനം

ഏറ്റവും കൂടുതൽ ഗോവയിൽ, കേരളം രണ്ടാമത്

കൊച്ചി: ഇന്ത്യൻ തീരങ്ങളിൽ 2024 25ൽ 161 സമുദ്ര സസ്തനികൾ ചത്തു കരയടിഞ്ഞതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) കണ്ടെത്തൽ. ഇതിൽ 113 എണ്ണം ഗോവയിലാണ്. കേരളത്തിൽ 13 റിപ്പോർട്ടുകളാണ് രേഖപ്പെടുത്തിയത്. ഇത് സംബന്ധിച്ച ജിഐഎസ് അധിഷ്ഠിത മാപ് സിഎംഎഫ്ആർഐ വികസിപ്പിച്ചു.

സിഎംഎഫ്ആർഐയിൽ നടക്കുന്ന അന്താരാഷ്ട്ര സമുദ്രസിമ്പോസിയത്തിലാണ് പഠനം അവതരിപ്പിച്ചത്. തിമിംഗലം, ഡോൾഫിൻ തുടങ്ങിയ കടൽ സസ്തനികൾ കരക്കടിയുന്നത് കൂടുതലായി നടക്കുന്ന തീരപ്രദേശങ്ങൾ തിരിച്ചറിയാനും സംരക്ഷണ പ്രവർത്തനങ്ങൾ ഊർജിതമാക്കാനും ലക്ഷ്യമിട്ടായിരുന്നു സിഎംഎഫ്ആർഐയുടെ പഠനം.

സീനിയർ സയന്റിസ്റ്റ് ഡോ. രതീഷ് കുമാർ രവീന്ദ്രന്റെ നേതൃത്വത്തിൽ നടന്ന പഠനത്തിൽ, കൂടുതലായി കരക്കടിഞ്ഞത് ഡോൾഫിനാണ്. 82 എണ്ണം. സിഎംഎഫ്ആർഐയുടെ വിവിധ പ്രാദേശിക കേന്ദ്രങ്ങളിലെ വിദഗ്ധരും പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരും ചേർന്നാണ് ഇന്ത്യൻ തീരങ്ങളിൽ നിന്ന് വിവരശേഖരണം നടത്തിയത്. മറൈൻ മാമൽ റിസർച്ച് ആൻഡ് കൺസർവേഷൻ നെറ്റ്വർക്ക് ഓഫ് ഇന്ത്യ ഉൾപ്പെടെയുള്ളവരുടെ ഡേറ്റബേസുകൾ വഴി ക്രമീകരിച്ച വിവരങ്ങൾ പഠനത്തിനായി ഉപയോഗിച്ചു.

ജി.ഐ.എസ് സാങ്കേതികവിദ്യ ഉപയോഗിച്ച് കടൽ സസ്തനികളുടെ കരക്കടിയൽ വിവരങ്ങൾ തത്സമയം നൽകുന്ന ഇന്ററാക്ടീവം പ്ലാറ്റ്ഫോമും സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ട്. 32 ഇനം കടൽ സസ്തനികളുമായി ബന്ധപ്പെട്ട 1,300ഓളം ഭൗമശാസ്ത്ര വിവര പോയിന്റുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരക്കടിഞ്ഞ സ്ഥലം, ജീവിവർഗ്ഗം, സംഭവം നടന്ന സമയം, മരണകാരണം എന്നിവ ഇതിലൂടെ എളുപ്പത്തിൽ വിശകലനം ചെയ്യാൻ സാധിക്കും.

കാര്യക്ഷമമായ റിപ്പോർട്ടിംഗ് ശൃംഖലയിലൂടെ ഗവേഷകർക്കും നയരൂപീകരണ വിദഗ്ധർക്കും പരിസ്ഥിതി സംരക്ഷണ ഏജൻസികൾക്കും മുൻഗണനാ മേഖലകൾ തിരിച്ചറിയാനും ഭീഷണികൾ പഠിക്കാനും അടിയന്തര രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഇത് സഹായകരമാകുമെന്ന് ഡോ. രതീഷ് കുമാർ രവീന്ദ്രൻ പറഞ്ഞു.

ട്രെവർ പ്ലാറ്റ് സയൻസ് ഫൗണ്ടേഷൻ, കുസാറ്റ് കെമിക്കൽ ഓഷ്യനോഗ്രഫി വിഭാഗം, സിഎംഎഫ്ആർഐ, മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവർ സംയുക്തമായാണ് മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സിമ്പോസിയം സംഘടിപ്പിക്കുന്നത്.



ആസാദിയുടെ സ്കൂൾ ഓഫ് സ്പേഷ്യൽ ഇക്കോളജീസ് ഉദ്ഘാടനം ചെയ്തു



ആസാദിയുടെ 'സ്കൂൾ ഓഫ് സ്പേഷ്യൽ ഇക്കോളജീസിന്റെ ഉദ്ഘാടനം പ്രശസ്ത കർണാടക സംഗീതജ്ഞനും മാഗ്സസെ അവാർഡ് ജേതാവുമായ ടി. എം. കൃഷ്ണ നിർവ്വഹിക്കുന്നു. ഡോ. സൗമിനി രാജ,ഡോ. ബിനുമോൾ ടോം, എ.പി.അനിൽ കുമാർ,ആർക്കിടെക്റ്റ് ബി. ആർ. അജിത്, പ്രൊഫ. (ഡോ.) ഡി. മാവൃത്തു,ദീപക് ജോയ് എം.എൽ.എ., അമ്മു അജിത്, ദേവി അജിത്ത് എന്നിവർ സമീപം.

കൊച്ചി: ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി) വൈറ്റില കാമ്പസിൽ ആരംഭിക്കുന്ന കാലാവസ്ഥാധിഷ്ഠിത ആർക്കിടെക്ചർ പഠന കേന്ദ്രം 'സ്കൂൾ ഓഫ് സ്പേഷ്യൽ ഇക്കോളജീസ്' പ്രശസ്ത കർണാടക സംഗീതജ്ഞനും മാഗ്സസെ അവാർഡ് ജേതാവുമായ ടി. എം. കൃഷ്ണ ഉദ്ഘാടനം ചെയ്തു.

പരമ്പരാഗത ആർക്കിടെക്ചർ രീതികൾ അനുദിനം മാറിക്കൊണ്ടിരിക്കുകയാണെന്നും, കാലാവസ്ഥാ വ്യതിയാനം അതിവേഗം ബാധിക്കുന്ന പുതിയ കാലഘട്ടത്തിൽ ഭൂമി, ജലം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെ കേന്ദ്രീകരിച്ചുള്ള ആർക്കിടെക്ചർ രീതികൾ പാഠ്യവിഷയമാക്കുന്നതും ഗവേഷണങ്ങൾക്ക് അവ സരമൊരുക്കുന്നതും അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു.

തൃപ്പൂണിത്തുറ മുൻസിപ്പൽ ചെയർമാൻ പി. എൽ. ബാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ വിദ്യാർത്ഥികളുടെ ബിരുദദാനവും നടന്നു. സാംസ്കാരിക സംഗമം ദീപക് ജോയ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. സംസ്കാരം, കാലാവസ്ഥ, മനുഷ്യരും മറ്റു ജീവജാലങ്ങളും ഉൾപ്പെടുന്ന വിശാലമായ പരിസ്ഥിതിയും ദക്ഷിണേഷ്യയിലെ നഗരങ്ങൾ നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളും കേന്ദ്രീകരിച്ചുള്ള ഗവേഷണങ്ങൾക്കായിരിക്കും കേന്ദ്രം മുൻഗണന നൽകുകയെന്ന് ആസാദി ചെയർമാൻ പ്രൊഫ. ആർക്കിടെക്റ്റ് ബി. ആർ. അജിത് വ്യക്തമാക്കി.

ചടങ്ങിൽ ആസാദി സി.ഇ.ഒ അമ്മു അജിത്, പ്രിൻസിപ്പൽ ഡോ. സൗമി നി രാജ, വൈസ് പ്രിൻസിപ്പൽമാരായ ആർക്കിടെക്റ്റ് അനിത മേനെദാൽ, നീതു ഡേവിസ്, എം.ജി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൃത്തു, ആർ.ഐ.ടി ആർക്കിടെക്ചർ വിഭാഗം മേധാവി ഡോ. ബിനുമോൾ ടോം, വാർഡ് കൗൺസിലർ എ. പി. അനിൽ കുമാർ, ദേവി അജിത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

കൂൾ കളേഴ്സ് ഗാർമെന്റ്സ് പ്രീമിയർ ലീഗ്

ഗോവയിൽ നവംബർ 10 മുതൽ 14 വരെ

കൊച്ചി: ഗാർമെന്റ് ക്രിക്കറ്റ് അസോസിയേഷൻ ട്രസ്റ്റ് സംഘടിപ്പിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ഗാർമെന്റ്സ് ക്രിക്കറ്റ് കാർണിവൽ 'കൂൾ കളേഴ്സ് ഗാർമെന്റ്സ് പ്രീമിയർ ലീഗ്' (GPL) ഏഴാം പതിപ്പ് 2026 നവംബർ 10 മുതൽ 14 വരെ ഗോവയിലെ മഡ്ഗാവ് ക്രിക്കറ്റ് ക്ലബ്ബിൽ നടക്കും. കൊച്ചി തൃപ്പൂണിത്തുറ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ചാരിറ്റബിൾ ട്രസ്റ്റായ ഗാർമെന്റ് ക്രിക്കറ്റ് അസോസിയേഷൻ, ടെക്സ്റ്റൈൽഗാർമെന്റ്സ് മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ മാനസികവും ശാരീരികവും തൊഴിൽപരവുമായ ഉന്നമനം ലക്ഷ്യമിട്ടാണ് വർഷം തോറും ഈ കായിക മാമാങ്കം സംഘടിപ്പിക്കുന്നത്.



പ്രമുഖ വസ്ത്ര ബ്രാൻഡായ 'കൂൾ കളേഴ്സ്' പ്രധാന സ്പോൺസറാകുന്ന ടൂർണമെന്റിൽ 12 പ്രമുഖ ടീമുകൾ മാറ്റുരയ്ക്കും. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ബ്രാൻഡ് പ്രതിനിധികൾ, കേരളത്തിലെ പ്രമുഖ വസ്ത്ര വ്യാപാരികൾ, വിതരണക്കാർ എന്നിവരുൾപ്പെടെ 300ലധികം പേർ അഞ്ചു ദിവസം നീളുന്ന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും. ഗാർമെന്റ് ക്രിക്കറ്റ് അസോസിയേഷൻ ട്രസ്റ്റ് പ്രസിഡന്റ് വി.എം.എച്ച്. അഹമ്മദുള്ള, സെക്രട്ടറി സാബി ജോൺ, ട്രഷറർ ജിനോയി വർഗ്ഗീസ്, കൺവീനർ ജുനൈദ് എന്നിവർ വാർത്താക്കുറുപ്പിലൂടെ അറിയിച്ചു.



പാലക്കാട് ഐഡിഡി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് സയൻസിൽ സംഘടിപ്പിച്ച സാമ്പത്തിക സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസ്.

സാമ്പത്തിക സാക്ഷരത ബോധവത്കരണം സംഘടിപ്പിച്ചു

പാലക്കാട്: ഗ്രാമീണ മേഖലകളിലും വിദ്യാർത്ഥികൾക്കിടയിലും സാമ്പത്തിക അച്ചടക്കവും സൈബർ സുരക്ഷാ ബോധവും വളർത്തുക എന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിൽ 'അർത്ഥസൂത്ര സംവാദ്' പരിപാടി സംഘടിപ്പിച്ചു. ബജാജ് ഫിനാൻസ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സാമ്പത്തിക സാക്ഷരതാ സംരംഭത്തിന്റെ ഭാഗമായാണ് ശിൽപ്പശാലകൾ നടന്നത്. പുതുശ്ശേരി ഗാന്ധി ആശ്രമത്തിലും പാലക്കാട് ഐഡിഡി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് സയൻസിലുമായിട്ടായിരുന്നു പരിപാടി.

സിവിൽ പോലീസ് ഓഫീസർ സജീവ് കുമാറും എഎസ്ഐ ശശി വി.പി.യും സൈബർസാമ്പത്തിക സുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ചും ജാഗ്രത പാലിക്കേണ്ടതിനെക്കുറിച്ചും ക്ലാസുകൾ നയിച്ചു. വ്യക്തിഗത വിവരങ്ങൾ, ബാങ്കിംഗ് വിശദാംശങ്ങൾ, ഒടിപി, പാസ്വേഡുകൾ എന്നിവ ആരുമായും പങ്കുവെക്കരുതെന്നും ഏതെങ്കിലും തരത്തിലുള്ള സൈബർ തട്ടിപ്പുകൾക്ക് ഇരയായാൽ ഉടനടി '1930' എന്ന ദേശീയ സൈബർ ക്രൈം ഹെൽപ്പ്ലൈൻ നമ്പറിൽ വിളിച്ച് പരാതിപ്പെടണമെന്നും അവർ ഓർമ്മിപ്പിച്ചു.

സാമ്പത്തിക ആസൂത്രണം, സമ്പാദ്യ ശീലങ്ങൾ, ഉത്തരവാദിത്തമുള്ള വായ്പയെടുക്കൽ, സമയബന്ധിതമായ തിരിച്ചടവ് എന്നിവയ്ക്കൊപ്പം സൈബർ തട്ടിപ്പുകൾ, വ്യാജ നിക്ഷേപ പദ്ധതികൾ, വാട്ട്സ്ആപ്പ് തട്ടിപ്പുകൾ, 'ഡിജിറ്റൽ അറസ്റ്റ്' തുടങ്ങിയ അപകടങ്ങളെക്കുറിച്ചും ശിൽപ്പശാലയിൽ പ്രദേശവാസികൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണം നൽകി.

പുതുശ്ശേരി ഗാന്ധി ആശ്രമം സ്ഥാപകൻ ശ്രീനിവാസൻ, ഐഡിഡി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് സയൻസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ നവീൻ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

നന്തിലത്ത് ജിമാർട്ടിൽ ബിഗ് ദീപാവലി സെയിൽ

തൃശൂർ: പ്രമുഖ ഗൃഹോപകരണഇലക്ട്രോണിക്ഡിജിറ്റൽ വിതരണ ശൃംഖലയായ ഗോപു നന്തിലത്ത് ജിമാർട്ടിൽ ബിഗ് ദീപാവലി സെയിൽ ആരംഭിച്ചു.

ഇലക്ട്രോണിക് ഡിജിറ്റൽ ആക്സസറികൾ, ക്രോക്കറികൾ ഉൾപ്പെടെയുള്ള ഗൃഹോപകരണങ്ങൾക്ക് 50 ശതമാനം വരെ ഡിസ്കൗണ്ട് ലഭിക്കും. തെരഞ്ഞെടുക്കപ്പെട്ട ഇഎംഐ പർച്ചേസുകൾക്ക് 20,000 രൂപ വരെയുള്ള കാഷ്ബാക്ക്, 1 ഇഎംഐ ബാക്ക് ഓഫർ, ആകർഷകമായ ട്രിപ്പിൾ സീറോ സ്കീമുകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്.

Nandilath G-Mart
GOPU NANDILATH GROUP

പൈൻലാബ്സ് വഴി പർച്ചേസ് ചെയ്യുന്പോൾ 26,000 രൂപ വരെ കാഷ്ബാക്കും യുപിഐ പേയ്മെൻറുകൾക്ക് 10 ശതമാനം വരെ കാഷ്ബാക്കും സ്വന്തമാക്കാം.

ലക്കാ ലക്കാ ഓഫറിലൂടെ 2027 ജനുവരി 31 വരെ കേരളത്തിലുടനീളമുള്ള നന്തിലത്ത് ജിമാർട്ട് ഷോറൂമുകളിൽനിന്നു പർച്ചേസ് ചെയ്യുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് ബംപർ സമ്മാനമായി ഓരോ മാരുതി സുസുക്കി ബലേനോ കാർ, 100 പേർക്ക് ഒരു ഗ്രാം വീതമുള്ള സ്വർണനാണയം, 100 പേർക്ക് 10 ഗ്രാം വീതമുള്ള വെള്ളിനാണയം, 100 പേർക്ക് എൽഇഡി ടിവി എന്നിവ വീതവും, 100 പേർക്ക് ഓരോ വാഷിംഗ് മെഷീൻ വീതവും സമ്മാനമായി ലഭിക്കും.

എല്ലാ ജിമാർട്ട് ഷോറൂമുകളിലും തെരഞ്ഞെടുത്ത ഗൃഹോപകരണങ്ങൾക്ക് 70 ശതമാനം വരെ ഡിസ്കൗണ്ടും നൽകുന്നുണ്ട്.

പിഎൻബി ക്രെഡിറ്റ് കാർഡ് ഉപയോക്താക്കൾക്ക് നവംബറിൽ പ്രത്യേക ഉത്സവകാല ഓഫറുകൾ

ന്യൂദൽഹി: നവംബറിലെ ഉത്സവകാലത്തോടനുബന്ധിച്ച് റീട്ടെയിൽ ക്രെഡിറ്റ് കാർഡ് ഉപയോക്താക്കൾക്കായി പ്രത്യേക ഓഫറുകൾ പ്രഖ്യാപിച്ച് പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി). ഷോപ്പിംഗ്, യാത്ര, വിനോദം, ഭക്ഷണം, ദൈനംദിന ചെലവുകൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽ ആകർഷകമായ കിഴിവുകളും ഇൻസ്റ്റന്റ് സേവിംഗ്സും ക്യാഷ്ബാക്കുമാണ് ബാങ്ക് ലഭ്യമാക്കുന്നത്.

ആമസോൺ, ഫ്ളിപ്കാർട്ട്, റിലയൻസ് ഡിജിറ്റൽ, ജിയോ, വിവോ, മേക്ക് മൈ ട്രിപ്പ്, ഗോഐബിബോ, ഈസ്മൈട്രിപ്പ്, പേടിഎം, ക്ലിയർട്രിപ്പ്, പിവിആർ, സ്വിഗ്ഗി, സൊമാറ്റോ തുടങ്ങിയ പ്രമുഖ ബ്രാൻഡുകളിലും പ്ലാറ്റ്ഫോമുകളിലും ഓഫറുകൾ ലഭ്യമാണ്. റിലയൻസ് ഡിജിറ്റൽ, ജിയോ സ്റ്റോറുകൾ എന്നിവിടങ്ങളിൽ 10 ശതമാനം വരെയും വിവോ സ്റ്റോറുകളിൽ 12 ശതമാനം വരെയും ഇൻസ്റ്റന്റ് കിഴിവ് ലഭിക്കും. ആമസോണിൽ നവംബർ 15 മുതൽ 25 വരെയും ഫ്ളിപ്കാർട്ടിൽ നവംബർ 14 മുതൽ 20 വരെയും ഏഴ് ശതമാനം വരെ കിഴിവുണ്ട്. യാത്രാ ബുക്കിംഗുകൾക്ക് ആഭ്യന്തര വിമാന ടിക്കറ്റുകളിൽ 15 ശതമാനം വരെയും രാജ്യാന്തര ടിക്കറ്റുകളിൽ 10 ശതമാനം വരെയും ഹോട്ടൽ ബുക്കിങ്ങുകളിൽ 20 ശതമാനം വരെയും ഇളവ് ലഭിക്കും.



പിവിആറിൽ സിനിമാ ടിക്കറ്റിന് ബൈ വൺ ഗെറ്റ് വൺ ഓഫറും ഭക്ഷണത്തിന് 20 ശതമാനം കിഴിവും ലഭിക്കും. ഫസ്റ്റ് ക്രൈ, സ്വിഗ്ഗി, സൊമാറ്റോ, പേടിഎം തുടങ്ങിയവയിലും പ്രത്യേക ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. യോഗ്യമായ യുപിഐ ഇടപാടുകൾക്കും റുപേ ക്രെഡിറ്റ് കാർഡ് ഇഎംഐ പേയ്മെന്റുകൾക്കും ക്യാഷ്ബാക്ക് ലഭിക്കും.

കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡുകൾ ഒഴികെയുള്ള പിഎൻബിയുടെ യോഗ്യമായ റീട്ടെയിൽ ക്രെഡിറ്റ് കാർഡുകൾക്കാണ് ഓഫറുകൾ ബാധകം. ഓരോ വ്യാപാര സ്ഥാപനത്തിന്റെയും നിബന്ധനകളും കുറഞ്ഞ ഇടപാട് തുകയും ഡിസ്കൗണ്ട് പരിധിയും ബാധകമായിരിക്കും.



ജോയ്ആലുക്കാസിൽ ബ്രില്യൻസ് ഡയമണ്ട് ജ്വല്ലറി ഷോ

കൊച്ചി: ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ്, ഡയമണ്ട് ജ്വല്ലറികൾക്ക് മാത്രമായി 'ബ്രില്യൻസ് ഡയമണ്ട് ജ്വല്ലറി ഷോ' സംഘടിപ്പിക്കുന്നു. നവംബർ 5 മുതൽ കൊച്ചി എംജി റോഡുള്ള ജോയ്ആലുക്കാസ് ഷോറൂമിലാണ് പ്രത്യേക പ്രദർശനം നടക്കുക. വിവാഹ ആഭരണങ്ങൾ മുതൽ നിത്യോപയോഗ മോഡലുകൾ വരെ, പരമ്പരാഗത തനിമയും ആധുനിക ഡിസൈനുകളും ചേർന്ന അപൂർവമായ ഡയമണ്ട് കളക്ഷനാണ് പ്രദർശനത്തിന്റെ ഭാഗമായി ഒരുക്കുന്നത്.

ഒരുലക്ഷം രൂപയ്ക്ക് മുകളിൽ ഡയമണ്ട് ആഭരണങ്ങൾ പർച്ചേസ് ചെയ്യുന്നവർക്ക് സ്വർണ നാണയം സമ്മാനമായി ലഭിക്കും.

ഓരോ ആളുകൾക്കും അനുയോജ്യമായ തരത്തിൽ, നൂതന ഫാഷനിലും ഡിസൈനിലുമുള്ള വജ്രാഭരണങ്ങൾ കരസ്ഥമാക്കാനുള്ള അവസരമാണ് ഉപഭോക്താക്കൾക്കായി നൽകുന്നതെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ് പറഞ്ഞു.

ജ്വല്ലറി വ്യവസായ രംഗത്തെ ജോയ്ആലുക്കാസിന്റെ യാത്രയിൽ കൊച്ചിക്ക് പ്രത്യേക സ്ഥാനമാണുള്ളതെന്നും ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ആഭരണങ്ങൾ നൽകുന്നതിന് എക്കാലവും പ്രതിബദ്ധത പുലർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജോയ്ആലുക്കാസിന്റെ എംജി റോഡ് ഷോറൂമിൽ നടക്കുന്ന പ്രദർശനമേള ഈ മാസം 22ന് അവസാനിക്കും.

എറണാകുളം ടൗൺ റെയിൽവേ സ്റ്റേഷനിലേക്ക് സ്ട്രെച്ചർ ട്രോളി നൽകി മുത്തൂറ്റ് ഫിനാൻസ്

കൊച്ചി: മുത്തൂറ്റ് ഫിനാൻസ് സിഎസ്ആർ പദ്ധതിയുടെ ഭാഗമായി എറണാകുളം ടൗൺ റെയിൽവേ സ്റ്റേഷനിലേക്ക് സ്ട്രെച്ചർ ട്രോളി കൈമാറി. അടിയന്തര സാഹചര്യങ്ങളിൽ യാത്രക്കാർക്ക് സമയബന്ധിതമായ വൈദ്യസഹായം ഉറപ്പാക്കുന്നതിനും സുരക്ഷിതമായി മാറ്റുന്നതിനുമായാണിത് നൽകിയത്.

മുത്തൂറ്റ് ഫിനാൻസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് എജിഎം രോഹിത് രാജ് കെ., കൺസൾട്ടന്റ് വിനു മാമ്മൻ എന്നിവരിൽ നിന്നും സ്റ്റേഷൻ മാനേജർ വർഗീസ് സ്റ്റീഫൻ എ ട്രോളി ഏറ്റുവാങ്ങി. മുത്തൂറ്റ് ഫിനാൻസ് സിഎസ്ആർ എക്സിക്യൂട്ടീവ് ജോയൽ ജോയ്, റെയിൽവേ ചീഫ് ബുക്കിംഗ് സൂപ്പർവൈസർ വി. കെ. സാബു, ഡെപ്യൂട്ടി സ്റ്റേഷൻ മാനേജർമാരായ അനിൽ മാത്യു, ലുജീന, ഹെൽത്ത് ഇൻസ്പെക്ടർ അരുൺ കുമാർ എന്നിവർ പങ്കെടുത്തു.



മോട്ടോറോള മൊബിലിറ്റിയുടെ പുതിയ പ്രസിഡന്റായി ലെനോവോ അമർ ബാബുവിനെ നിയമിച്ചു



ന്യൂദൽഹി: 2027 ജനുവരി 1 മുതൽ പുതിയ മൊബൈൽ ബിസിനസ് ഗ്രൂപ്പ് ജനറൽ മാനേജരും മോട്ടോറോള ഗ്ലോബൽ പ്രസിഡന്റുമായി അമർ ബാബുവിനെ നിയമിച്ചതായി ലെനോവോ ഇന്ന് പ്രഖ്യാപിച്ചു. നിലവിൽ ലെനോവോ സീനിയർ വൈസ് പ്രസിഡന്റും ഏഷ്യാ പസഫിക് (എപി) പ്രസിഡന്റുമായ അമർ ബാബു ലോകമെമ്പാടുമുള്ള ഉപഭോക്താക്കൾക്കും സംരംഭങ്ങൾക്കും വേണ്ടി സ്മാർട്ട് ഉപകരണങ്ങളും അനുഭവങ്ങളും വ്യാപിപ്പിക്കുന്നതിൽ മോട്ടോറോളയെ നയിക്കും. ലെനോവോയുടെ വ്യക്തിഗത എഐ ദർശനത്തിന്റെ ഒരു നിർണായക ഭാഗമെന്ന നിലയിൽ അമർ നൂതനത്വത്തിന്റെ ശക്തമായ ബ്രാൻഡ് പാരമ്പര്യത്തിൽ കെട്ടിപ്പടുക്കുകയും പ്രീമിയം വളർച്ച ത്വരിതപ്പെടുത്തുകയും ഇന്റലിജന്റ് ഉപകരണങ്ങളുടെ കമ്പനി ആവാസവ്യവസ്ഥയെ കൂടുതൽ വികസിപ്പിക്കുകയും യുഎസ്, ഇന്ത്യ, ജപ്പാൻ എന്നിവയുൾപ്പെടെയുള്ള പ്രധാന വിപണികളിലുടനീളം വിപണി വിഹിതം ശക്തിപ്പെടുത്തുകയും ചെയ്യും.

അമറിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിലേറെക്കാലം കൊണ്ട് ഏഷ്യാപസഫിക്(എപി) മേഖല ലെനോവോയുടെ കൂടുതൽ സന്തുലിതവും വൈവിധ്യപൂർണ്ണവുമായ ഒരു ബിസിനസ്സായും പ്രധാന വളർച്ചാ എഞ്ചിനായും മാറി. മൊത്തം ഉൽപ്പന്നനിര കണക്കിലെടുക്കുമ്പോൾ പിസി ബിസിനസ്സിൽ എപി അതിന്റെ ഒന്നാം സ്ഥാനം നിലനിർത്തി. അതേസമയം മോട്ടോറോള ഇന്ത്യയിൽ ഏകദേശം 9% വിപണി വിഹിതത്തിലും ജപ്പാനിൽ സ്മാർട്ട്ഫോൺ ഒഇഎം വിഭാഗത്തിൽ രണ്ടാം സ്ഥാനത്തും എത്തിക്കൊണ്ട് മൊബൈൽ ബിസിനസ്സ് ശ്രദ്ധേയമായ വളർച്ച കൈവരിച്ചു. ഞങ്ങളുടെ ഇൻഫ്രാസ്ട്രക്ചർ ബിസിനസ്സ് ലാഭകരമായ വളർച്ചയും ഏകദേശം ഇരട്ട അക്ക വിപണി വിഹിതവും കൈവരിച്ചു. അതേസമയം സൊല്യൂഷൻസ് & സർവീസസ് ഈ വ്യവസായത്തിലെ അതിന്റെ മികച്ച സ്ഥാനം ശക്തിപ്പെടുത്തുന്നത് തുടരുകയും അതോടൊപ്പം ചേർന്ന് നൂതന സേവന ബിസിനസ് 50%ത്തിലധികമായി ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തു.

2007ൽ ലെനോവോയിൽ ചേർന്നതിനുശേഷം അമർ ബിസിനസ് മാനേജ്മെന്റ്, ഓപ്പറേഷൻസ്, സേവനങ്ങൾ, വിപണി നേതൃത്വം എന്നിവയിൽ നേതൃസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ലെനോവോയിൽ ചേരുന്നതിന് മുമ്പ് ഇന്റൽ, എച്ച്സിഎൽ, സിറ്റി ബാങ്ക് എന്നിവിടങ്ങളിൽ മാനേജ്മെന്റ്, ഓപ്പറേഷൻസ്, സാങ്കേതിക മേഖലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

പുതിയ റോളിൽ അമർ ഇന്റലിജന്റ് ഡിവൈസസ് ബിസിനസ് ഗ്രൂപ്പിന്റെ ആഗോള മേധാവി ലൂക്ക റോസിക്ക് റിപ്പോർട്ട് ചെയ്യും. കൂടാതെ തന്റെ പുതിയ റോളിലേക്കുള്ള പരിവർത്തനത്തിന് തുടക്കം കുറിക്കുന്നതിന് മോട്ടോറോള നേതൃത്വവുമായി അടുത്ത് പ്രവർത്തിക്കുന്നതിനൊപ്പം ഏഷ്യാ പസഫിക് പ്രസിഡന്റായി ഹ്രസ്വകാലത്തേക്ക് സേവനമനുഷ്ഠിക്കുകയും ചെയ്യും. കലണ്ടർ വർഷാവസാനം വരെ ലൂക്ക മോട്ടോറോള ആക്ടിംഗ് ഗ്ലോബൽ പ്രസിഡന്റായി തുടരും.

ഐസിഐസിഐ പാർട്ണർ സ്റ്റാക്ക് 2.0 അവതരിപ്പിച്ചു

കൊച്ചി: അഡ്വൈസർമാരുടെയും ഡിസ്ട്രിബ്യൂഷൻ പങ്കാളികളുടെയും ഡിജിറ്റൽ ശേഷികൾ വർദ്ധിപ്പിക്കുന്നതിനായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 'ഐസിഐസിഐ ലൈഫ് പാർട്ണർ സ്റ്റാക്ക് 2.0' അവതരിപ്പിച്ചു. സെയിൽസ്, ഓൺബോർഡിംഗ്, ഉപഭോക്തൃ സേവനം എന്നിവ കൂടുതൽ വേഗത്തിലും സുഗമമായും നിർവഹിക്കാൻ സഹായിക്കുന്ന എഐഅധിഷ്ഠിത ടൂളുകളും വിപുലമായ ഡിജിറ്റൽ സംവിധാനങ്ങളുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഉപഭോക്താക്കൾക്ക് അനുയോജ്യമായ പോളിസികൾ നിർദ്ദേശിക്കാനും വ്യക്തിഗത കൊട്ടേഷനുകൾ തയ്യാറാക്കാനും 'ഇക്കോട്ട് ആപ്പ്', 'ലിവ' എന്നീ എഐ സംവിധാനങ്ങൾ അഡ്വൈസർമാരെ സഹായിക്കുന്നു. ആധാർ, സികെവൈസി ഉൾപ്പെടെയുള്ള ദേശീയ ഡാറ്റാബേസുകളുമായുള്ള സംയോജനം വഴി അപേക്ഷാ ഫോമുകളുടെ 70% വരെ മുൻകൂട്ടി പൂരിപ്പിക്കാനും കെവൈസി നടപടികൾ എളുപ്പമാക്കാനും സാധിക്കും. കൂടാതെ വാട്സ്ആപ്പ് ഉൾപ്പെടെയുള്ള വിവിധ പേയ്മെന്റ് രീതികളും എഐ വീഡിയോ വെരിഫിക്കേഷനും പ്ലാറ്റ്ഫോമിലുണ്ട്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com